അനുബന്ധം

<u>ചോദ്യം നമ്പർ (*61)</u>

വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെൻറുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിനുപുറത്തേക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സമർപ്പിച്ച 620 കോടി രൂപയുടെ 5 വർഷത്തേയ്ക്കുള്ള ഒരു ബൃഹത് പദ്ധതി തയ്യാറാക്കി അംഗീകാരിത്തിനായി സർക്കാരിന് 07-09-2021-ൽ സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയെകുറിച്ച് ചർച്ച ചെയ്യുന്നതിന് ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 10-01-2022-ൽ യോഗം ചേർന്നിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. മനുഷ്യ-വന്യജീവി സംഘർഷം അടുത്ത 10 വർഷത്തേയ്ക്ക് ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ 1150 കോടി രൂപയുടെ ഒരു പദ്ധതിയും സംസ്ഥാന പ്ലാനിംഗ് ബോർഡിന് 25-01-

2021-ന് സമർപ്പിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൻെറ 06-02-2021-ലെ F.No.8-60/20 WL (Part 1) അഡ്വൈസറിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന - ജില്ലാതലങ്ങളിൽ ഇന്റർ ഡിപ്പാർട്ടുമെന്റൽ കോർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് 09-12-2021-ലെ സ.ഉ.(സാധാ)നം.. 402/2021/വനം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും, കേരള വനം വകുപ്പിലെ പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും ചേർന്ന് കാട്ടാന ഉൾപ്പെടെയുള്ള വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങുന്നതിനുള്ള കാരണങ്ങളും പ്രതിരോധ മാർഗ്ഗങ്ങളെയും കുറിച്ച് പഠനം നടത്തിവരുന്നുണ്ട്. ടി പഠനത്തിലെ കണ്ടെത്തലുകൾ കൂടി ഉൾപ്പെടുത്തി പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും 2021 ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ വിശദമായ ഒരു പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ടി പ്രോജക്ട് പ്രൊപ്പോസലിൽ കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വർദ്ധിക്കാനുള്ള താഴെ പറയുന്ന കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. കാടിനു ചുറ്റും കൃഷി ചെയ്യുന്ന കൃഷിയിടങ്ങളുടെ വിസ്തൃതി വർദ്ധിച്ചിരിക്കുന്നു. കൃഷി സമ്പ്രദായം മാറിയതും കർഷകർ കരിമ്പ്, വാഴ

പോലുള്ള വാണിജ്യ വിളകൾ വർദ്ധിച്ച തോതിൽ കൃഷി ചെയ്യാനാരംഭിച്ചിരിക്കുന്നു.

2. വന്യജീവികളുടെ എണ്ണത്തിലും വർദ്ധന ഉണ്ടായിട്ടുണ്ട്.

3. മനുഷ്യരും വളർത്തു മൃഗങ്ങളും അസമയങ്ങളിൽ വന്യജീവി മേഖലകളിൽ സഞ്ചരിക്കുന്നതും തങ്ങുന്നതും ചിലപ്പോൾ അപകടങ്ങൾക്ക് ഇടയാക്കുന്നു.

4. ആവാസമേഖലകൾ ചെറുകഷണങ്ങളായി മുറിഞ്ഞു പോകുന്നതുമൂലം വന്യജീവികളുടെ സ്വൈരവിഹാരം തടസപ്പെടുന്നു.

5. അധിനിവേശ വിദേശ സസ്യങ്ങളും ജീവികളും വന്യജീവികൾക്ക് ഭക്ഷ്യ ലഭ്യത കുറയ്ക്കുന്നു.

6. യൂക്കാലിപ്റ്റ്സ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ മുതലായ വിദേശയിനം സസ്യങ്ങൾ പുൽമേട്ടുകളിലും മറ്റും തോട്ടമായി നട്ടു വളർത്തിയത് ആവാസ വ്യവസ്ഥകളുടെ ഗുണനിലവാരം നശിപ്പിച്ചു.

7. ആധുനിക വാർത്താവിനിമയ വിവര സങ്കേതിക സൗകര്യങ്ങൾ വൻതോതിൽ ഉപയോഗപ്പെടുത്തുന്നതുമൂലം മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2022 ഫെബ്രുവരി 8-ാം തീയതി ചാലക്കുടിയിൽനിന്നും അതിരപ്പിള്ളിയിലേയ്ക്കുള്ള റോഡിൽ, സ്ഥിരമായി

ആനകൾ റോഡ് മുറിച്ചുകടക്കുന്ന, കണ്ണംകുഴിത്തോട് മേഖലയിൽവെച്ച് കാട്ടാനയുടെ ആക്രമണത്തിൽ 5 വയസ്സുള്ള ഒരു കുട്ടി (ആഗ്നേമിയ നിഖിൽ, കച്ചട്ടിൽ വീട്, പുത്തൻചിറ) മരണപ്പെട്ടുകയുണ്ടായി. ഇതേത്തുടർന്ന് 14-02-2022-ന് വനം വകുപ്പ് മന്ത്രി, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രി എന്നിവർ വാഴച്ചാലിലെത്തി, ചാലക്കുടി എം.പി, പുതുക്കാട്, ചാലക്കുടി, അങ്കമാലി എം.എൽ.എ-മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്, വിവിധ പഞ്ചായത്ത് പ്രതിനിധികൾ, വി.എസ്.എസ് പ്രതിനിധികൾ എന്നിവരും വനം വകുപ്പ് ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി യോഗം വിളിച്ചുചേർത്ത്, ഈ മേഖലയിലെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള ത്വരിത തുടർനടപടികൾ സ്വീകരിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. സംഭവം നടന്ന കണ്ണംകുഴിത്തോടിലെ ജനവാസമേഖലയ്ക്ക് ചുറ്റുമായി ശേഷിക്കുന്ന 6 കി.മീ. സോളാർ ഫെൻസിംഗ് നിർമ്മാണം പൂർത്തിയാക്കുന്നതിനും കൂടാതെ ചാലക്കുടി, അങ്കമാലി നിയോജക മണ്ഡലങ്ങളിലെ വിവിധ പഞ്ചായത്തുകളിലെ മനുഷ്യ-വന്യജീവി സംഘർഷം ശാശ്വതമായി പരിഹരിക്കുന്നതിനായി ശാസ്ത്രീയ പഠനത്തിനും ശിപാർശകൾക്കുമായി പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനെ ചുമതലപ്പെടുത്താനും തീരുമാനമായി.

(ഡി) തയ്യാറാകും. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സമർപ്പിച്ച 620 കോടി രൂപയുടെ 5 വർഷത്തേയ്ക്കുള്ള ഒരു ബൃഹത് പദ്ധതി ചർച്ച ചെയ്യുന്നതിന് ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 10-01-2022-ൽ യോഗം ചേർന്നിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായ 25 ടെറിട്ടോറിയൽ ഡിവിഷനുകളിലെയും 10 വൈൽഡ് ലൈഫ് ഡിവിഷനുകളിലെയും പ്രദേശങ്ങൾ കണ്ടെത്തിയിട്ടുള്ളതും സോളാർ പവർ ഹാങ്ങിംഗ് ഫെൻസ് (685 കി.മീ), ആന കിടങ്ങ് (132 കി.മീ) എന്നിവ പുതിയതായി നിർമ്മിക്കാനും നിലവിലുള്ളവയുടെ പരിചരണവും ഇതര പരിഹാരമാർഗ്ഗങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. താഴെ പറയുന്ന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്.

1. വന്യജീവികൾ മനുഷ്യരുടെ വാസസ്ഥലങ്ങളിലേയ്ക്കും കൃഷിയിടങ്ങളിലേയ്ക്കും പ്രവേശിക്കുന്നത് തടയുന്നതിനായി പ്രതിരോധ സംവിധാനങ്ങൾ നിർമ്മിക്കുക.

2. മനുഷ്യനും-വന്യജീവികളും തമ്മിലുള്ള സംഘർഷം ഒഴിവാക്കുന്നതിന് മുൻകൂർ മുന്നറിയിപ്പ് സംവിധാനമടക്കമുള്ള നൂതന മാർഗ്ഗങ്ങൾ നടപ്പിലാക്കുക.

3. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ഫലപ്രദമായ അടിസ്ഥാനസൗകര്യങ്ങളും, മാനവ-വിഭവശേഷിയും വികസിപ്പിക്കുക.

4. വന്യജീവിമൂലമുള്ള നാശനഷ്ടത്തിന് നഷ്ടപരിഹാരം, വിള ഇൻഷുറൻസ്, ലൈഫ് ഇൻഷുറൻസ്, എക്സ്-ഗ്രേഷ്യ എന്നിവ നടപ്പിൽ വരുത്തുക.

5. ലൈൻ ഡിപ്പാർട്ട്മെൻറുകളുടെ സേവനം ഉപയോഗപ്പെടുത്തുക.

6. ജനപങ്കാളിത്തത്തോടെയുള്ള നടപടികൾ ശക്തിപ്പെടുത്തുക.

7. പുൽമേടുകളും ജലസ്രോതസുകളും ഉൾപ്പെടെയുള്ള ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തി വനത്തിനുള്ളിൽ ഭക്ഷണവും വെള്ളവും ലഭ്യമാക്കുക.

8. സംഘർഷം കുറയ്ക്കുന്നതിനുതകുന്ന അവബോധം സൃഷ്ടിക്കുന്നതിന് പരിശീലനങ്ങളും ഗവേഷണങ്ങളും നടത്തുക.

മനുഷ്യ-വന്യജീവി സംഘർഷം അടുത്ത 10 വർഷത്തേയ്ക്ക് ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ 1150 കോടി

രൂപയുടെ ഒരു പദ്ധതിയും സംസ്ഥാന പ്ലാനിംഗ് ബോർഡിന് 25-01-2021-ന് സമർപ്പിച്ചിട്ടുണ്ട്.

(ഇ) സ്വീകരിക്കും. വന്യജീവി ശല്യം നേരിടുന്നതിനായി അതത് പ്രദേശത്തെ വനം വകുപ്പ് ഉദ്യോഗസ്ഥർ ഒരുമിച്ച് വന പ്രദേശങ്ങളിലൂടെ സഞ്ചരിച്ച് മൃഗങ്ങളുടെ സഞ്ചാരപഥം നിരീക്ഷിച്ച് തദ്ദേശീയർക്ക് നിർദ്ദേശം നൽകിവരുന്നു. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് വനാതിർത്തി പങ്കിടുന്ന പഞ്ചായത്തുകളിൽ തദ്ദേശീയരും ജനപ്രതിനിധികളും വന ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ 07-02-2017-ലെ സ.ഉ. (സാധാ) നം. 51/2017/വനം പ്രകാരം രൂപീകരിച്ച് 2017 മുതൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ്/മുനിസിപ്പൽ ചെയർപേഴ്സൺ അദ്ധ്യക്ഷനും, ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡൻറ്/മുനിസിപ്പൽ വൈസ് ചെയർപേഴ്സൺ ഉപാദ്ധ്യക്ഷനും, ജില്ലാ പഞ്ചായത്ത് മെമ്പർ, ബ്ലോക്ക് പഞ്ചാത്ത് മെമ്പർ എന്നിവർ അംഗങ്ങളുമായ 261 ജനജാഗ്രതാ സമിതികൾ നിലവിൽ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 204 ജനജാഗ്രതാ സമിതികൾ നിലവിലുണ്ടായിരുന്നു.